# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2336      18/03/2015-ൽ മറുപടിക്ക്

### ആദിവാസി ഊരുകളിലെ അനാരോഗ്യ പ്രവണതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ്ജ് :<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ :<br>ഡോ. എൻ. ജയരാജ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ കണ്ടുവരുന്ന മദ്യപാനം, ശൈശവ വിവാഹം, അനാചാരങ്ങൾ തുടങ്ങിയ അനാരോഗ്യ പ്രവണതകൾ ആ സമൂഹത്തിന് കടുത്ത ഭീഷണി ഉയർത്തുന്ന കാര്യം പട്ടികവർഗ്ഗ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇടമലക്കുടി പോലുള്ള വാഹന സൗകര്യം ഇല്ലാത്ത ആദിവാസി കുടികളിൽ ആർത്തവ നിയന്ത്രണ ത്തിനുള്ള ഗുളികകളുടെ അമിതോപയോഗം വ്യാപക മായതുമൂലം സ്ത്രീകൾ അഭിമുഖീ കരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കാണാനാണ് പട്ടികവർഗ്ഗ വകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഇടുക്കി ജില്ലയിലെ ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകി ഒരു പ്രത്യേക പാക്കേജ് വനം വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് ബോധവൽക്കരണം, വാലായ്മപ്പുരയുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിലൂടെയാണ് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ ആദിവാസി സമൂഹത്തിൽ പ്രത്യേക പരിഗണനയും ശ്രദ്ധയും വേണ്ട കുടികളിൽ ഇത്തരം അനാരോഗ്യ പ്രവണതകൾ ഫലപ്രദമായി നിയന്ത്രിക്കുന്ന തിനുതകുന്ന ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്താൻ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യം, വിദ്യാഭ്യാസം സാമൂഹിക പുരോഗതി എന്നിവ ലക്ഷ്യമിട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേകമായും ആഭ്യന്തരം, എക്സൈസ്, ആരോഗ്യം, തദ്ദേശസ്വയം ഭരണം, വനം തുടങ്ങിയ മറ്റ് വകുപ്പുമായി സഹകരിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ